"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പരിസ്ഥിതി വകുപ്പ് - കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡിന് 2406-02-188-99-31 നോൺ പ്ലാൻ സാലറി ശീർഷകത്തിൽ രണ്ടാം ഗഡുവായി ഫണ്ട് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**പരിസ്ഥിതി (എ) വകുപ്പ്**

G.O.(Rt)No.73/2025/ENVT തീയതി,തിരുവനന്തപുരം, 25-07-2025

---

പരാമർശം:- (1) 05.05.2025 ലെ സ.ഉ(സാ.ധാ)48/2025/ENVT.

(2) കേരള സംസ്ഥാന കാലാവസ്ഥാ ജൈവവൈവിധ്യ ബോർഡ് മെമ്പർ സെക്രട്ടറിയുടെ 07.07.2025 തീയതിയിലെ KSBB/214/2024-TA(WS) നമ്പർ കത്ത്.

**ഉത്തരവ്**

കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡിന് 2025-26 സാമ്പത്തിക വർഷത്തിൽ 2025 ജൂലൈ മുതൽ 2025 സെപ്റ്റംബർ വരെ ജീവനക്കാർക്ക് ശമ്പളം നൽകുന്നതിനായി 2406-02-188-99-31 നോൺ പ്ലാൻ സാലറി ശീർഷകത്തിൽ, unspend balance ആയ 5,56,727/- രൂപ കഴിച്ചു രണ്ടാം ഗഡുവായി 63,94,859/- രൂപ (അറുപത്തി മൂന്നു ലക്ഷത്തി തൊണ്ണൂറ്റി നാലായിരത്തി എണ്ണൂറ്റി അൻപത്തി ഒൻപത് രൂപ മാത്രം) അടിയന്തരമായി അനുവദിക്കണമെന്നും, ടി തുക ജൈവവൈവിധ്യ ബോർഡിന്റെ 0101850011 എന്ന DDO കോഡിലേക്ക് അലോട്ട്മെന്റ് ആയി നൽകണമെന്നുമുള്ള, സംസ്ഥാന ജൈവവൈവിധ്യ ബോർഡ് സെക്രട്ടറി പരാമർശം (2) കത്ത് പ്രകാരം അപേക്ഷിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡിന് 2406-02-188-99-31 നോൺ പ്ലാൻ സാലറി ശീർഷകത്തിൽ നിന്നും രണ്ടാം ഗഡുവായി 20 ലക്ഷം രൂപ (ഇരുപതു ലക്ഷം രൂപ മാത്രം) ചുവടെ ചേർക്കുന്ന ഫണ്ട് റിലീസ് വ്യവസ്ഥകൾക്ക് വിധേയമായി, 2025-26 സാമ്പത്തിക വർഷത്തിൽ, അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു:

1. പ്രസ്തുത തുക ട്രഷറി STSB അക്കൗണ്ടിൽ (non interest bearing ) അല്ലാതെ ബാങ്കുകളിലോ മറ്റു ധനകാര്യ സ്ഥാപനങ്ങളിലോ നിക്ഷേപിയ്ക്കുവാൻ പാടില്ല.

**2.** 29/08/2009ലെ സർക്കുലർ നം.75/09/ധനത്തിലേയും 9/12/2008-ലെ സർക്കുലർ നമ്പർ 84/08/ധനത്തിലെയും വ്യവസ്ഥകൾ കൃത്യമായി പാലിക്കേണ്ടതാണ്.

**3.** അനുവദിച്ച തുകയുടെ വിശദമായചെലവ് പത്രികയും 09.01.2020-ലെ സ.ഉ.(കൈ)നം 4/2020/ധന. പ്രകാരമുള്ള ധനവിനിയോഗ സർട്ടിഫിക്കറ്റും തുടർന്നുള്ള റിലീസിന് മുൻപ് ധന വകുപ്പിന് സമർപ്പിക്കേണ്ടതാണ്.

**4.** വർഷാവസാനം വിനിയോഗിക്കുവാൻ സാധിക്കാതെ വരുന്ന തുക സർക്കാർ അക്കൗണ്ടിലേയ്ക്കു തിരിച്ചടയ്ക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**UNNIKUTTAN S S**

**UNDER SECRETARY**

1. മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്.
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, (ആഡിറ്റ് / എ & ഇ), കേരള
3. ധന വകുപ്പ് (3120903/PU-C2/75/2025-Fin dated 18.07.2025)
4. ഡയറക്ടർ ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ)വകുപ്പ് (ഔദ്യാഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി).
5. കരുതൽ ഫയൽ/ഓഫീസ് കോപ്പി(ENVT-A1/143/2025-ENVT).

ഉത്തരവിൻ പ്രകാരം

Signed by
Royi J
Date: 25-07-2025 17:32:53

സെക്ഷൻ ഓഫീസർ